LIBRARY ARCHIVES Kerala Legislative Assembly

ജെ. ബി. ഐ. സി. ധനസഹായത്തോടെ കോഴിക്കോട് നഗരത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

172 [1834] ശ്രീ. ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ. ബി. ഐ. സി. ധനസഹായത്തോടെ കോഴിക്കോട് നഗരത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പൈപ്പുകൾ സ്ഥാപിക്കാൻ കുഴിയെടുക്കുമ്പോൾ നൂനത യന്ത്ര സാമഗ്രികൾ ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുന്ന നിബന്ധന ടെണ്ടറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(സി) കുഴികൾ നികത്തി റീ-സർഫസ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? .

ഉത്തരം

(എ) കോഴിക്കോട് കോർപ്പറേഷനും സമീപത്തെ 16 പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പുഴയിൽ നിർമ്മിച്ചിരിക്കുന്ന പെരുവണ്ണാമുഴി ജലസംഭരണിയിൽനിന്ന് ശേഖരിക്കുന്ന ജലം പൊൻമലക്കുന്നിൽ സ്ഥാപിക്കുന്ന ജല ശുദ്ധീകരണശാലയിലെത്തിക്കുന്നു.ജലശുദ്ധീകരണശാലയ്ക്ക് ഒന്നാം ഘട്ടത്തിൽ 174 ദശലക്ഷം ലിറ്ററും രണ്ടാം ഘട്ടത്തിൽ 210 ദശലക്ഷം ലിറ്ററും ജലം ശുദ്ധീകരിക്കുന്നതിനുള്ള ശേഷി ഉണ്ടായിരിക്കും. ശുദ്ധീകരിച്ച ജലം വിവിധ ജലസംഭരണികളിൽ ശേഖരിച്ച് വിതരണം ചെയ്യും. ഈ പദ്ധതി വിവിധ പാക്കേജുകളായി തിരിച്ചാണ് പണികൾ നടത്തുന്നത്. ഇതിനു വേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) പദ്ധതി നടപ്പാക്കുമ്പോൾ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്ന ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി

173 [1841] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

„ തമ്പാനൂർ രവി:

„ ലൂഡി ലൂയിസ്:

„ ടി. എൻ. പ്രതാപൻ:

„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്ന പണികളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളെയാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ പദ്ധതി ജില്ലയിലെ എത്ര പേർക്ക് പ്രയോജനം ചെയ്യുമെന്ന് കണക്കാക്കുന്നു;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടോപ്പോഗ്രാഫിക്കൽ സർവ്വെ, ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ, ഡിസ്ട്രിബ്യൂഷൻ സർവ്വെ, ട്രീറ്റബിലിറ്റി സ്റ്റഡീസ്, വിവിധ ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്ന ജോലികൾ എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതികളുടെ പണികൾ വിവിധ കോൺട്രാക്ട് പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. ഇതിനുവേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. ഇപ്പോഴുണ്ടാകുന്ന ശുദ്ധജലനഷ്ടത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനും അത് തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനും ഒരു ലീക്ക് ഡിറ്റക്ഷൻ സ്റ്റഡി പദ്ധതി പ്രദേശത്ത് തെരഞ്ഞെടുത്ത 8 ബ്ലോക്കുകളിൽ പുരോഗമിച്ചു വരുന്നു.

(ബി) നിലവിലുള്ള തിരുവനന്തപുരം നഗരവും കുടപ്പനക്കുന്ന്, ശ്രീകാര്യം, വട്ടിയൂർക്കാവ് എന്നീ സമീപ പഞ്ചായത്തുകളെയുമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) 10.71 ലക്ഷം ജനങ്ങൾക്ക്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

മീനാട് കുടിവെള്ള പദ്ധതി

174 [1842] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജപ്പാൻ സഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ടോപ്പോഗ്രാഫിക്കൽ സർവ്വെ, ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ, ഡിസ്ട്രിബ്യൂഷൻ സർവ്വെ, ട്രീറ്റബിലിറ്റി സ്റ്റഡീസ്, വിവിധ ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്ന ജോലികൾ എന്നീ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. പദ്ധതികളുടെ പണികൾ വിവിധ കോൺട്രാക്ട് പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. ഇതിനു വേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly